**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.580 | 23.05.2017-ൽ മറുപടിയ്ക്ക് |
|---|---|
| **സ്മാർട്ട് സിറ്റി, അമൃത് എന്നീ പദ്ധതികൾക്ക് വിനിയോഗിച്ച തുക** | |
| ചോദ്യം | മറുപടി |
| ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.എ. കെ. ശശീന്ദ്രൻ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) മുനിസിപ്പാലിറ്റികളുടെയും കോർപറേഷനുകളുടെയും മാനവവിഭവശക്തീകരണത്തിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 2015-ൽ നീതി ആയോഗ് നടത്തിയ പഠനപ്രകാരമുള്ള റിപ്പോർട്ടിലെ വിഷയങ്ങൾക്കനുസൃതമായി കേരളത്തിലെ അർബൻ-ലോക്കൽ ബോഡികളിൽ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി എന്ന് വിശദമാക്കാമോ; | (എ) നഗരസഭകളിൽ അക്കൗണ്ടിംഗ്, വിവിധ സേവനങ്ങൾ തുടങ്ങിയവ കമ്പ്യൂട്ടർ സോഫ്റ്റ് വെയറുകൾ മുഖേന പരിഷ്കരിക്കുകയും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. മാനവവിഭവ ശാക്തീകരണത്തിന് കില, ഐ.എം.ജി. തിരുവനന്തപുരം, എന്നീ സ്ഥാപനങ്ങൾ മുഖേനയും അമൃത് പദ്ധതിയിൻ കീഴിലുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ പരിപാടിയിലൂടെയും പരിശീലനം നൽകിയിട്ടുണ്ട്. മുനിസിപ്പൽ സർവ്വീസ് കേഡറിൽ കാലികമായ മാറ്റങ്ങൾ വരുത്തി വരുന്നു. |
| (ബി) സുപ്രധാന നഗരങ്ങളുടെ വികസനത്തിനായി കൊണ്ടുവന്ന കേന്ദ്രപദ്ധതികളായ 'സ്മാർട്ട് സിറ്റി', 'അമൃത്' എന്നീ പദ്ധതികൾ നടപ്പാക്കുന്നതിന് 2015-16, 2016-17 എന്നീ വർഷങ്ങളിൽ ലഭിച്ച 240 കോടിയിലധികം രൂപയിൽ 3 കോടിയോളം രൂപ മാത്രമേ പദ്ധതിച്ചെലവിനായി വിനിയോഗിച്ചുള്ളൂവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയിൽ ബാക്കി ലഭിക്കാനുള്ള എൺപത് ശതമാനം കേന്ദ്ര വിഹിതം ഉടൻ നേടിയെടുക്കാനുള്ള കർമ്മപദ്ധതി വിശദമാക്കാമോ? | (ബി) ഉണ്ട്. കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് അമൃത് പദ്ധതിയിൽ ആദ്യഘട്ടമായി 18 മാസങ്ങൾക്കുള്ളിൽ സംസ്ഥാനത്തിനായി 3 വാർഷിക പദ്ധതികൾ (2015-16, 2016-17, 2017-18) തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുത്തു. 2357 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 375 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞു. ഇതിൽ 91 കുടിവെള്ള പദ്ധതികൾ (മൊത്തം പദ്ധതി തുകയുടെ 41% വരുന്ന 1061 കോടി രൂപ) കേരള വാട്ടർ അതോറിറ്റി വഴിയാണ് നടപ്പിലാക്കുന്നത്. സ്വിവറേജ്/സെപ്റ്റേജ് സെക്ടറിൽ പദ്ധതികൾക്ക് അംഗീകാരം ലഭിച്ച 6 പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പദ്ധതികൾ വിദഗ്ദ്ധ സമിതി പരിശോധിച്ചു വരുന്നു. എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കരാർ മുഖേനയും കേരള വാട്ടർ അതോറിറ്റി മുഖേനയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.<br><br>2015-16, 2016-17 വർഷം അംഗീകാരം ലഭിച്ച പദ്ധതികൾക്കായി തുകയുടെ 20% (134 കോടി) സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. 80 കോടി രൂപ (30%) സംസ്ഥാന വിഹിതമായി ലഭിച്ചിട്ടുണ്ട്. ആകെ 214 കോടി രൂപ അമൃത് അക്കൗണ്ടിൽ ലഭ്യമാണ്. വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി പദ്ധതി നിർവ്വഹണം ആരംഭഘട്ടമായതിനാൽ 3.08 കോടി രൂപ മാത്രമെ ചിലവ് വന്നിട്ടുള്ളൂ. 2017-18-ലെ സംസ്ഥാന ബജറ്റിൽ അമൃത് പദ്ധതിക്കായി 375 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | (കേന്ദ്രം - 225 കോടി, സംസ്ഥാനം - 150 കോടി രൂപ).<br>ഡി.പി.ആർ. തയ്യാറാക്കിയ 70 പദ്ധതികളിൽ 44 എണ്ണത്തിന് ഭരണാനുമതിയും 25 എണ്ണത്തിന് സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. ഇതിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് 16.24 കോടി രൂപയുടെ 18 പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്.<br>സ്മാർട്ട് സിറ്റി പദ്ധതിയ്ക്കായി കേന്ദ്രവിഹിതമായി 196 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 200 കോടി രൂപയും ഉൾപ്പെടെ 396 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും 392.8 കോടി രൂപ പദ്ധതി നിർവ്വഹണത്തിനായി രൂപീകരിച്ച കൊച്ചിൻ സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്.<br>പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതു സംബന്ധിച്ച് പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനായി സംസ്ഥാന തലത്തിൽ പ്രത്യേക സാങ്കേതിക വിദഗ്ദ്ധ സമിതികൾ 2017 ഏപ്രിലിൽ രൂപീകരിച്ചിട്ടുണ്ട്. അതാത് മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള സാങ്കേതിക വിദഗ്ദ്ധരെയാണ് ഈ സമിതികളിൽ നിയമിച്ചിട്ടുള്ളത്. 5 സെക്ടറുകൾക്കും വെവ്വേറെ സമിതികളാണുള്ളത്. വിശദമായ പദ്ധതി രൂപരേഖ കാര്യക്ഷമമായും വേഗത്തിലും തയ്യാറാക്കുന്നതിന് കൺസൾട്ടന്റുമാരുടെ സേവനം ലഭ്യമാക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ